13-ാം കേരള നിയമസഭ
11-ാം സമ്മേളനം
നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.37
09/06/2014-ലെ മറുപടിക്ക്

## സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം

**ചോദ്യം:**

ശ്രീ.ജി. സുധാകരൻ
ശ്രീ.പി.റ്റി.എ. റഹീം
ശ്രീ.കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീ.ബാബു. എം. പാലിശ്ശേരി

**മറുപടി:**

ശ്രീ. ഉമ്മൻ ചാണ്ടി
ബഹു. മുഖ്യമന്ത്രി

| | |
|---|---|
| (എ)<br>സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയാൻ നടപടി സ്വീകരിക്കുമോ; | നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി)<br>ഇതിനായി സർക്കാർ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച വ്യവസ്ഥകളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | ഇപ്പോൾ പരിഗണനയിലില്ല. |
| (സി)<br>ഔദ്യോഗിക വാഹനങ്ങളിലെ ഉല്ലാസയാത്ര ഉൾപ്പെടെയുള്ള ദുരുപയോഗങ്ങൾ വർദ്ധിക്കാനിടയായ സാഹചര്യം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; | ഔദ്യോഗിക വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാനദണ്ഡങ്ങൾ മറികടന്നുള്ള ഉപയോഗങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ഡി)<br>ധനവകുപ്പ് ഒരു ദിവസം ശരാശരി എത്ര സർക്കാർ വാഹനങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകി വരുന്നുണ്ട്; | വാഹന ദുരുപയോഗം സംബന്ധിച്ച് ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിലും മുന്നറിയിപ്പില്ലാതെയും ധനകാര്യ പരിശോധനാ വിഭാഗത്തിലെ 9 സെക്ഷനുകളും 14 ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡുകളും പരിശോധനകൾ നടത്തുന്നുണ്ട്. ഇതിൽ വീഴ്ചകൾ കണ്ടെത്തുന്ന കേസുകളിൽ റിപ്പോർട്ട് തയ്യാറാക്കി തുടർ നടപടികൾക്കായി ഭരണ വകുപ്പിന് നൽകി വരുന്നു. ദിനംപ്രതി വാഹന പരിശോധന മാത്രം നടത്തുന്ന സംവിധാനം ഇപ്പോൾ നിലവിലില്ല. |

| | |
|---|---|
| (ഇ)<br>വാഹനങ്ങളുടെ ദുരുപയോഗം തടയാൻ ഏർപ്പെടുത്തിയ മാർഗ്ഗങ്ങൾ എന്തെല്ലാമാണ്; | സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം നിയന്ത്രിക്കുന്നതിനായി ധനകാര്യ പരിശോധനാ വിഭാഗം സ.ഉ.(എം.എസ്)നം.113/2003/ധന., തീയതി 24.02.2003, സർക്കുലർ നം.41/2008/ധന., തീയതി 02.08.2008, സ.ഉ.(പി)നം.293/2010/ധന., തീയതി 20.02.2010 എന്നിവയിലൂടെ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ, ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിനായി സെക്രട്ടേറിയറ്റിലെ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ 9 സെക്ഷനുകളും ജില്ലകളിലെ 14 ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡുകളും ഉൾപ്പെടെ സംസ്ഥാനത്തുടനീളം വാഹന പരിശോധന നടത്തുന്നതിന് ശക്തമായ സംവിധാനം ഇപ്പോൾ നിലവിലുണ്ട്. |
| (എഫ്)<br>ഒന്നിൽ കൂടുതൽ സർക്കാർ വാഹനം ഉപയോഗിച്ച് പോരുന്ന മന്ത്രിമാരും ഉദ്യോഗസ്ഥരും ഉണ്ടോ; വിശദമാക്കാമോ; | ഒന്നിൽ കൂടുതൽ സർക്കാർ വാഹനം മന്ത്രിമാരോ ഉദ്യോഗസ്ഥരോ ഉപയോഗിക്കുന്നത് ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ജി)<br>സർക്കാർ നൽകിയ വാഹനത്തിനു പുറമേ പൊതുമേഖലാ സ്ഥാപനങ്ങളുടെ വാഹനം കൂടി ഉപയോഗിച്ചുവരുന്നവർ ആരൊക്കെയാണ്? | സർക്കാർ നൽകിയ വാഹനത്തിനു പുറമേ പൊതുമേഖലാ സ്ഥാപനങ്ങളുടെ വാഹനം കൂടി ഉദ്യോഗസ്ഥന്മാർ ഉപയോഗിച്ചുവരുന്നത് ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.